"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ കരവാളൂർ ഗ്രാമ പഞ്ചായത്ത് ആഫീസിലെ ഡ്രൈവർ ശ്രീ.സുബ്രമണ്യ പിള്ള പി.സി യുടെ മകളുടെ വൃക്ക മാറ്റിവയ്ക്കൽ സർജറി എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആശുപത്രിയിൽ ചികിൽസ നടത്തുന്നതിന് 3,00,000/- രൂപ പലിശരഹിതവായ്പ അനുവദിച്ച്- ഉത്തരവു പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്

സ.ഉ.(സാധാ) നം.1462/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 03/08/2021

പരാമർശം:- 1. സർക്കുലർ നം. 40658/G2/85/H&FWD തീയതി 18/10/1985.

2. 18/02/1997 ലെ സഉ(പി) നമ്പർ 45/97/ആകവ നമ്പർ ഉത്തരവ്.

3. 02/11/2000 ലെ സഉ(പി) നമ്പർ 285/2000/ആകവ നമ്പർ ഉത്തരവ്.

4. 20/11/2001 ലെ സഉ(പി) നമ്പർ 298/2001/ആകവ നമ്പർ ഉത്തരവ്.

5. 3/07/2021ലെ ശ്രീ.സുബ്രമണ്യ പിള്ളയുടെ അപേക്ഷ.

6. പഞ്ചായത്ത് ഡയറക്ടറുടെ 16.07.2021-ലെ PAN/7982/2021/ F2- (DP) - നമ്പർ കത്ത്.

ഉത്തരവ്

കൊല്ലം ജില്ലയിലെ കരവാളൂർ ഗ്രാമ പഞ്ചായത്ത് ആഫീസിലെ ഡ്രൈവർ ശ്രീ.സുബ്രമണ്യ പിള്ള പി.സി യുടെ മകളുടെ വൃക്ക മാറ്റിവയ്ക്കൽ സർജറി എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആശുപത്രിയിൽ ചികിൽസ നടത്തുന്നതിന് 8,50,000/- രൂപ അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ പരാമർശം (6) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കൊല്ലം ജില്ലയിലെ കരവാളൂർ ഗ്രാമ പഞ്ചായത്ത് ആഫീസിലെ ഡ്രൈവർ ശ്രീ.സുബ്രമണ്യ പിള്ള പി.സി യുടെ മകളുടെ വൃക്ക മാറ്റിവയ്ക്കൽ സർജറി എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആശുപത്രിയിൽ ചികിൽസ നടത്തുന്നതിന് 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) പരാമർശം ഒന്നു മുതൽ നാല് വരെയുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളോടെയും ചുവടെ വിവരിക്കുന്ന വ്യവസ്ഥകളോടെയും കരവാളൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

1. പലിശരഹിത ചികിത്സാ വായ്പയായി അനുവദിക്കുന്ന 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) ശ്രീ.സുബ്രമണ്യ പിള്ള സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ക്ലെയ്മിൽ ക്രമപ്പെടുത്തേണ്ടതാണ്.

2. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, തുക പിൻവലിക്കുന്ന തീയതി മുതൽ 3

മാസത്തിനുള്ളിൽ സർക്കാരിൽ ഹാജരാക്കേണ്ടതും, 6 മാസത്തിനുള്ളിൽ പ്രസ്തുത തുക ക്രമപ്പെടുത്തേണ്ടതും അല്ലാത്തപക്ഷം 12% പിഴപ്പലിശ ഈടാക്കുന്നതുമാണ്.

3. പ്രസ്തുത പലിശരഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ചു പിടിക്കേണ്ടതും വായ്പക്കാരനെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ് .

4. ശ്രീ.സുബ്രമണ്യ പിള്ള പി.സി യുടെ സേവനപുസ്തകത്തിൽ പലിശരഹിത വായ്പയുടെ തുക, നമ്പർ, സർക്കാർ ഉത്തരവ് നമ്പരും തീയതിയും, കണ്ടിജന്റ് ബിൽ നമ്പർ, തുക പിൻവലിച്ച തീയതി മുതലായവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

5. പലിശരഹിത വായ്പ തുക പിൻവലിച്ച ട്രഷറിയുടെ പേര്, തുക പിൻവലിച്ച തീയതി എന്നിവ ഒരാഴ്ചയ്ക്കുള്ളിൽ സർക്കാരിൽ അറിയിക്കേണ്ടതാണ്.

6. പലിശരഹിത വായ്പ ക്യാൻസൽ ചെയ്യുകയോ, തുക പിൻവലിക്കാതിരിക്കുകയോ ചെയ്താൽ ആ വിവരം സർക്കാരിനെ അറിയിക്കേണ്ടതാണ്.

7. അനുവദിക്കുന്ന 3,00,000/- രൂപയിൽ ഉപയോഗിക്കാത്ത തുക തിരികെ അടയ്ക്കേണ്ടതാണ്.

8. പ്രസ്തുത തുക കരവാളൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വകയിരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം . (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
ശ്രീ.സുബ്രമണ്യ പിള്ള , ഡ്രൈവർ, കരവാളൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം. ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ) കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്(G2/5282856/2021/H&FWD dated 23.07.2021).
ധനകാര്യ വകുപ്പ്(Dev-2/187/2021-FIN (1813493) dated 30.07.2021 പ്രകാരം)
ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ്,(വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (ഫയൽ നം. ഇ.പി.എ3/79/2021/തസ്വഭവ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ